# ആശയങ്ങൾ പങ്കുവയ്ക്കുവാൻ നിങ്ങൾക്കും അവസരം

**മാലിന്യ സംസ്കരണ ശീലങ്ങൾ സംബന്ധിച്ച് ജനങ്ങളെ ബോധവൽക്കരിക്കുവാൻ ഉതകുന്ന ആശയങ്ങൾ ശുചിത്വമിഷനുമായി പങ്കു വയ്ക്കൂ. സമ്മാനങ്ങൾ നേടൂ.**

ശുചിത്വ-മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട് ശരിയായ പൗരബോധം വളർത്തുന്നതിന്റെ ഭാഗമായി വിദ്യാർത്ഥികളിലും പൊതുജനങ്ങളിലും ഇത് സംബന്ധിച്ച ആശയങ്ങളും ഈ ദിശയിലുള്ള ചിന്തകളും ഉണ്ടാകുന്നതിനും അത് പങ്ക് വയ്ക്കുന്നതിനുമായി ശുചിത്വമിഷൻ വിവിധ മത്സരങ്ങൾ നടത്തുന്നു.

**താഴെ പറയുന്ന 6 ഇനങ്ങളിലാവും മത്സരങ്ങൾ**

1. **ചുമരെഴുത്ത്**
2. **പോസ്റ്റർ**
3. **ഹോർഡിംഗ്**
4. **ലഘുലേഖ**
5. **ഫോട്ടോഗ്രാഫി**
6. **ഉപന്യാസം**

ഓരോ ഇനത്തിലും ജില്ലാ-സംസ്ഥാനതല വിജയികളെ നിശ്ചയിക്കും

ഓരോ ഇനങ്ങളിലും പ്രതിപാദിക്കേണ്ട ആശയങ്ങൾ ചുവടെ പറയും പ്രകാരം ആയിരിക്കണം

1. **ചുമരെഴുത്ത്** - പാഴ്വസ്തുക്കളുടെ ഉറവിടത്തിൽ തരംതിരിവും പുന:ചംക്രമണവും
   - ജൈവ അജൈവ മാലിന്യങ്ങളുടെ (പേപ്പർ, പ്ലാസ്റ്റിക്, ലോഹങ്ങൾ, ഇ-മാലിന്യങ്ങൾ, അപകടകരമായ മാലിന്യങ്ങൾ) ഉറവിടത്തിൽ തരംതിരിവും, ഹരിതകർമ്മസേന മുഖേനയുള്ള വാതിൽപ്പടി ശേഖരണവും പുന:ചംക്രമണവും ആശയമാക്കിയുള്ള ചുമരെഴുത്തിന് അനുയോജ്യമായ ഡിസൈൻ
2. **പോസ്റ്റർ ഡിസൈൻ**
   - ഓഫീസുകൾ/പൊതു സ്ഥാപനങ്ങൾ/വിദ്യാഭ്യാസ സ്ഥാപനങ്ങൾ/ ആരാധനാലയങ്ങൾ തുടങ്ങി പൊതുജനങ്ങൾ കൂടുന്ന എല്ലായിടത്തും മാലിന്യങ്ങൾ തരംതിരിച്ച് സൂക്ഷിക്കണം എന്ന ആശയത്തിന് പ്രചാരം നൽകുന്ന വിധത്തിൽ അത്തരം ഇടങ്ങളിൽ പതിക്കുവാൻ പറ്റിയ പോസ്റ്റർ ഡിസൈനുകൾ (വലുപ്പം 90 cm x 70 cm)
   - കമ്പ്യൂട്ടറിൽ 6ftx 4ft വലുപ്പത്തിൽ തയ്യാറാക്കിയ മുകളിൽ സൂചിപ്പിച്ചിട്ടുള്ള വിഷയങ്ങളുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ ഡിസൈൻ സമർപ്പിക്കാം.

3. **ഹോർഡിംഗ് ഡിസൈൻ**

മാലിന്യങ്ങൾ ഉറവിടത്തിൽ തന്നെ തരംതിരിക്കണമെന്നും അജൈവ പാഴ്‌വസ്തുക്കൾ പ്രത്യേകം സൂക്ഷിച്ച് ഹരിതകർമ്മസേനയ്ക്ക് കൈമാറണമെന്നുമുള്ള ആശയം പൊതുജനങ്ങൾക്ക് നൽകുവാൻ പറ്റുന്ന വലിയ ഹോർഡിംഗുകൾക്ക് പറ്റുന്ന ഡിസൈൻ

ചുമരെഴുത്ത്, പോസ്റ്റർ, ഹോർഡിംഗ് ഡിസൈനുകൾ എന്നീ ആറ് കാറ്റഗറികളിലുമായി ലഘുലേഖ, ഫോട്ടോഗ്രാഫി, ഉപന്യാസം നടത്തുന്ന മത്സരത്തിൽ പങ്കെടുക്കുന്നതിന് ഈ ലിങ്കിൽ കയറി നിങ്ങൾ പങ്കെടുക്കുവാൻ ഉദ്ദേശിക്കുന്ന കാറ്റഗറി തെരഞ്ഞെടുത്ത് ചിത്രങ്ങൾ അപ് ലോഡ് ചെയ്യുക. **തെരഞ്ഞെടുക്കപ്പെടുന്ന എൻട്രികളുടെ ഒറിജിനൽ സോഴ്സ് ഫയൽ (1-4 കാറ്റഗറിയുടെ) ആവശ്യപ്പെടുന്ന പക്ഷം ഹാജരാക്കുവാൻ കഴിയണം.**

4. **ലഘുലേഖ**
   - പ്രകൃതി സൗഹൃദ മാലിന്യ പരിപാലനത്തിൽ എം.സി.എഫ്/ആർ.ആർ.എഫ് ന്റെ പങ്ക്
   - എം.സി.എഫ്/ആർ.ആർ.എഫ് ജനങ്ങൾക്ക്/സമൂഹത്തിന് എങ്ങനെ ഉപകാര പ്പെടും
   - A4-സൈസിൽ 3 മടക്കുകളായി ചിത്രങ്ങളും അതിനെ സാധൂകരിക്കുന്ന വിശദീകരണവും ഉൾപ്പെടെ
5. **ഫോട്ടോഗ്രാഫി**
   - ഉറവിടത്തിൽ തരംതിരിക്കുന്നതിന്റേയും അജൈവമാലിന്യം ഹരിതകർമ്മസേനയ്ക്ക് കൈമാറുന്നതിന്റേയും ചിത്രങ്ങൾ
   - എം.സി.എഫ്/ആർ.ആർ.എഫ് ന്റേയും അവിടെ നടക്കുന്ന പ്രവർത്തനങ്ങളുടേയും മികച്ച ചിത്രങ്ങൾ
6. **ഉപന്യാസം**
   - മാലിന്യത്തിന്റെ അളവ് കുറയ്ക്കേണ്ടതിന്റെ പ്രാധാന്യം
   - ഹരിതചട്ടപാലനം ഇതിന് എങ്ങനെ സഹായകമാകും (200 വാക്കിൽ /രണ്ട് പേജ് കവിയരുത്)

- ***സ്വന്തം ആശയങ്ങൾ മാത്രമാകണം ആവിഷ്കരിക്കപ്പെടേണ്ടത്***
- ***ആശയങ്ങളുടെ മേൽ തർക്കങ്ങൾ ഉണ്ടായാൽ ശുചിത്വമിഷന് ഉത്തരവാദിത്തമു ണ്ടായിരിക്കുന്നതല്ല***
- ***മത്സരങ്ങളിൽ വിജയികളാകുന്നവർക്ക് ജില്ലാതലത്തിൽ യഥാക്രമം 3000, 2000, 1000 എന്നീ നിരക്കിൽ പാരിതോഷികം ലഭിക്കുന്നതാണ്***
- ***സംസ്ഥാന തലത്തിൽ വിജയികളാകുന്നവർക്ക് 30,000/- 20,000/- 10,000/- എന്നീ നിരക്കിൽ പാരിതോഷികം ലഭിക്കും***
- ***വിജയികളെ തെരഞ്ഞെടുക്കുന്നതിൽ ജൂറിയുടെ തീരുമാനം അന്തിമമായിരിക്കും***